(ഡി) ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്.

(ഇ) അപ്രകാരം ഒരു പരാതി ലഭിച്ചിട്ടില്ല.

അബ്ദുൾ സലാം മാസ്റ്ററുടെ കൊലപാതകത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ-യെ ഏൽപ്പിക്കാൻ നടപടി

68 [1543] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീംലീഗ് നേതാവും, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അമ്പലപ്പുഴ നിയോജകമണ്ഡലം യു.ഡി.എഫ്. തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനുമായിരുന്ന അബ്ദുൾസലാം മാസ്റ്റർ 2001 ഏപ്രിൽ 30-ന് എറണാകുളം ബസ് സ്റ്റാന്റിനു സമീപംവച്ച് കൊല്ലപ്പെട്ട സംഭവത്തിന്റെ അന്വേഷണം എവിടെവരെയായി;

(ബി) പ്രസ്തുത കേസ്സിൽ ഇനിയും പ്രതികളെ കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ, അന്വേഷണം സി. ബി. ഐ.-യെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അബ്ദുൾസലാം മാസ്റ്ററുടെ മരണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് 216/സി.ആർ/01 നമ്പർ ആയി കേസ് അന്വേഷണം നടത്തിവരുന്നു.

(ബി) ക്രൈംബ്രാഞ്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്ന സാഹചര്യത്തിൽ സി.ബി.ഐ-യെ കേസ് ഏൽപ്പിക്കേണ്ട ആവശ്യമില്ല.

പുല്ലൻപാറ ശാന്തിനഗറിലെ സിറാജുദീനെ മർദ്ദിച്ചതായി പരാതി

69 [1544] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുല്ലൻപാറ ശാന്തിനഗറിൽ സിറാജ് മൻസിലിൽ മുഹമ്മദ് ഹനീഫയുടെ മകൻ സിറാജുദീനെ തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. രാമചന്ദ്രൻനായർ അകാരണമായി അറസ്റ്റ് ചെയ്തു മർദ്ദിച്ചതു സംബന്ധിച്ച പരാതി പോലീസ് വകുപ്പിനോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നാണ് ലഭിച്ചത് എന്നറിയിക്കാമോ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(ഡി) ഇത്തരം പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് പൗരൻമാർക്ക് സംരക്ഷണം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly